# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എറിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി3)1903/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറിയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി3)1903/2023 തീയ്യതി: 23/12/2023

## തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-11-2022 മുതൽ 16-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-10-2023 | 28-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-10-2023 | 28-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ശിവൻ.പി.എ,ഓഡിറ്റ് ഓഫീസർ(ഹയർഗ്രേഡ്)

ശ്രീമതി.സീനത്ത്.പി.എ,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബിന്ദു.സി.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നിലൂഫർ.ബി.എൽ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജൻ.കെ.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഇ.കെ.കൊച്ചുത്രേസ്യ(അസിസ്റ്റന്റ് സെക്രട്ടറി,ഇൻ ചാർജ്ജ്) | സെക്രട്ടറി | 01-04-2022 | 22-05-2022 |
| നിനിത.ആർ.എച്ച്. | സെക്രട്ടറി | 23-05-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.കെ.കൊച്ചുത്രേസ്യ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അനു.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഭാനു ശാലിനി | കൃഷി ഓഫീസർ | 01-04-2022 | 09-08-2022 |
| റെജീന | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ഡോ.ഭുവനേശ്വർ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.റീന | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.മിഥു.കെ.തമ്പി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| കവിത.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഷാജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-07-2022 |
| ജിബിന | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-08-2022 | 31-12-2022 |
| സുമിത | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2023 | 31-03-2023 |
| സിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| സബിത ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ഗീത | വി.ഇ.ഒ,മാടവന,അഴീക്കോട് ജെട്ടി | 01-04-2022 | 31-07-2022 |
| മുരളി | വി.ഇ.ഒ,മാടവന,അഴീക്കോട് ജെട്ടി | 01-08-2022 | 31-03-2023 |
| സഹല | വി.ഇ.ഒ,ലൈറ്റ്ഹൗസ് | 01-04-2022 | 31-03-2023 |
| ഡോ.സതി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| നൗഷാദ് പി.എ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാലൻസ്ഷീറ്റിൽ നെഗറ്റീവ് നീക്കിയിരിപ്പ് | 1-1-3 |
| 5 | ശീർഷകം രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-4 |
| 6 | നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-5 |
| 7 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല | 1-1-6 |
| 8 | “Directly Debited By Bank”- ക്രമീകരിക്കേണ്ടതാണ് | 1-1-7 |
| 9 | " Liability In Respect Of Stale Cheque”-ക്രമീകരിക്കേണ്ടതാണ് | 1-1-8 |
| 10 | വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല | 1-1-10 |
| 12 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-12 |
| 14 | അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി | 1-1-13 |
| 15 | ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-14 |
| 16 | മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി. | 1-1-17 |
| 19 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-18 |
| 20 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-19 |
| 21 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | യഥാർത്ഥ വരവിനേക്കാൾ അധികം തുക വരവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-21 |
| 23 | വാടക- രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-22 |
| 24 | വരവിനങ്ങളിലെ കുടിശ്ശികക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-23 |
| 25 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-24 |
| 26 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-1-25 |
| 27 | ഇൻവെസ്റ്റ്മെന്റ് പുതുക്കിയിട്ടില്ല. | 1-1-26 |
| 28 | ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-27 |
| 29 | ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല | 1-1-28 |
| 30 | ബജറ്റ് | 1-2 |
| 31 | ഫണ്ട് വിനിയോഗം | 1-3 |
| 32 | പദ്ധതി അവലോകനം | 1-4 |
| 33 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 34 | ക്ഷേമ പദ്ധതികൾ | 1-6 |
| 35 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 36 | ആഭ്യന്തര നിയന്ത്രണം | 1-8 |

| | | |
|---|---|---|
| 37 | നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം | 1-9 |
| 38 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. | 1-10 |
| 39 | വാടക കെട്ടിടങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-11 |
| 40 | തൊഴിൽ നികുതി -അപാകങ്ങൾ | 1-12 |
| 41 | സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. | 1-13 |
| 42 | മുഴവൻ മരുന്നുകളും വിതരണം ചെയ്തിട്ടില്ല | 1-14 |
| 43 | ജി.യു.പി.എസ് അഴീക്കോട് ക്ലാസ് റൂം നവീകരണം-200000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 44 | പഞ്ചായത്ത് തല ഫുട്ബോൾ ടീം രൂപീകരണവും കോച്ചിങ്ങ് ക്യാമ്പും-30000/-രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 45 | രജിസ്ട്രേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്-90000/-രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 46 | ജി.കെ.വി.എൽ.പി. സ്കൂളിലേക്ക് ഫർണീച്ചറും ഇന്ററാക്ടീവ് ബോർഡും വാങ്ങൽ–349998/-രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 47 | ലൈബ്രറി പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പത്രമാസികകൾ എന്നിവ നൽകൽ–196332/- രൂപ തടസ്സപ്പെടുത്തുന്നു | 1-19 |
| 48 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 49 | സമേതം -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 50 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| 51 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| 52 | അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-24 |
| 53 | ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-25 |
| 54 | പൊതുടാപ്പുകളുടെ വെള്ളക്കരം വൻ തുക കുടിശ്ശിക ഡിമാന്റ് ചെയ്യുന്നു. | 1-26 |
| 55 | പോർട്ടബിൾ ബയോകമ്പോസ്റ്റ് ബിൻ–വിതരണരേഖകൾ മുഴവൻ ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 56 | ഗ്രാമസഭാ മിനിറ്റ്സ് കാലികമായി സൂക്ഷിക്കേണ്ടതാണ് | 1-28 |
| 57 | എച്ച്. എം. സി. കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29 |
| 58 | ഗുണഭോക്താക്കൾക്ക് അധികം നൽകിയ പെൻഷൻ തുക സാമൂഹ്യസുരക്ഷാമിഷനിലേക്ക് അടവാക്കിയത് -വിശദാംശങ്ങൾ ലഭ്യാക്കിയിട്ടില്ല | 1-30 |
| 59 | സംശുദ്ധസേവനത്തിന് തെറ്റായി ജി. എസ്. റ്റി അടവാക്കി | 1-31 |
| 60 | കുഴിച്ചെടുത്ത മണ്ണ് ലേലവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 61 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -പ്രൊജക്റ്റ് പൂർത്തീരിക്കുന്നമുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-33 |
| 62 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -പ്രൊജക്റ്റിൽനിന്നും വിട്ടുപോകുന്നവർക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-34 |
| 63 | വനിതകൾക്ക് പെണ്ണാട് വിതരണപ്രൊജക്റ്റ്-അപാകതകൾ | 1-35 |
| 64 | ഗ്രാന്റ് സ്റ്റേറ്റ്മെന്റും പ്ലാൻ ചെലവ് നിരീക്ഷിക്കുന്ന സുലേഖ പത്രിക പ്രകാരമുള്ള ചെലവും ഹാജരാക്കിയ ചെലവും രേഖകളും പൊരുത്തപ്പെടുന്നില്ല | 1-36 |
| 65 | മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല | 1-37 |
| 66 | മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-38 |
| 67 | ഒ. പി. ടിക്കറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല | 1-39 |
| 68 | സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-40 |
| 69 | സ്ഥിരാസ്തികളുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-41 |
| 70 | തൊഴിലുറപ്പുപദ്ധതി-സിമന്റിന് ഉയർന്ന നിരക്ക് നൽകുന്നു | 1-42 |

| | | |
|---|---|---|
| 71 | തൊഴിലുറപ്പപദ്ധതി-ക്വാറി മക്ക് ഫില്ലിങ് അധികനിരക്ക് | 1-43 |
| 72 | തൊഴിലുറപ്പപദ്ധതി-കരാറുകാരൻ സാധനസാമഗ്രികൾ വിതരണം നടത്തിയില്ല-നഷ്ടപരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-44 |
| 73 | തൊഴിലുറപ്പപദ്ധതി സാധനങ്ങളുടെ ബിൽ ഫയലിൽ ഇല്ല | 1-45 |
| 74 | വിദഗ്ധത്തൊഴിലാളികൾക്ക് അധികവേതനം നൽകി | 1-46 |
| 75 | തീരദേശ ഹൈവേക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വക സ്വത്തുക്കൾ ഏറ്റെടുക്കൽ -സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ് | 1-47 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് എറിയാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.07.2023 ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എറിയാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 23.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1–1–1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 21/25.10.2023)

### 1–1–2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും

**നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4817602/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5040434/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 ബാലൻസ്ഷീറ്റിൽ നെഗറ്റീവ് നീക്കിയിരിപ്പ്**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 ( Other Liabilities ) ലെ നീക്കിയിരിപ്പ്-2618225 ആണ്. ബി-9 ലെ Amount Payable To Other Creditors (350109999) എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്-4600000 വന്നതിനാലാണ് ബി-9 ലെ ആകെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത്. യഥാർത്ഥത്തിൽ ഓട്ടോമേറ്റഡ് ആയി സോഫ്റ്റ്‌വെയർ രേഖപ്പെടുത്തിയ ജേണൽ വൗച്ചർ തുകകൾ വീണ്ടും മാന്വൽ ആയി തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഈ വ്യത്യാസം വന്നതെന്ന എറിയാട് ഗ്രാമ പഞ്ചായത്തിലെ 09/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച സെക്രട്ടറിയുടെ കുറിപ്പ് ഓഡിറ്റിൽ അംഗീകരിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയ്യതി 25.10.2023 നൽകിയ ശേഷമാണ് മേൽ പ്രകാരം ഭരണസമിതി തീരുമാനം എടുത്തതും സെക്രട്ടറിയുടെ കുറിപ്പുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിരിക്കുന്നതും.

**1-1-4 ശീർഷകം രേഖപ്പെടുത്തിയതിൽ വ്യത്യാസം**

കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) Accumulated Provision For Outstanding Property Tax (432100101) പ്രകാരമുള്ള നീക്കിയിരിപ്പ് -492180/- രൂപയാണ്. ആയത് തൻവർഷത്തെ ട്രയൽബാലൻസ് മുന്നിരിപ്പായി ചേർത്തിരിക്കുന്നത് "431100108-Receivables For Surcharge On Property Tax-Arrears" എന്ന ശീർഷകത്തിലാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയ്യതി 25.10.2023 നുള്ള മറുപടിയിൽ മുൻവർഷങ്ങളിലെ അക്കൌണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യയിൽ "ACCUMALTED PROVISION FOR OUTSTANDING PROPERTY TAX" എന്ന ഹെഡ് ഉണ്ടായിരുന്നുവെന്നും 2022-23 വർഷത്തിൽ പ്രസ്തുത - B-15(A) -ACCUMALTED PROVISION FOR OUTSTANDING PROPERTY TAX എന്ന ഹെഡ് Active-ആയി ലഭിക്കാത്തതുകൊണ്ടുമാണ് ഇപ്രകാരം അപാകം ഉണ്ടായതെന്ന, എറിയാട് ഗ്രാമ പഞ്ചായത്തിലെ 09/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച, സെക്രട്ടറിയുടെ കുറിപ്പ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. "360100101-Provision For Doubtful Receivables-PropertyTax" എന്ന ശീർഷകം ILGMS ൽ ലഭ്യമാണ്. 31.3.24 ലെ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായ പ്രൊവിഷൻ 2023-24 വാർഷിക കണക്കിൽ മേൽ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

**1-1-5 നീക്കിയിരിപ്പിൽ വ്യത്യാസം**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടിന്റെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പും റീകൺസീലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം | വാർഷിക കണക്ക് പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|
| LGTSB | 799013000000990 | 3750/- | 0 |

സോഫ്റ്റ്‌വെയറിൽ തന്നെ ബാങ്ക് ബുക്കും വാർഷികകണക്കും തയ്യാറാക്കുന്നതിനാൽ ഇപ്രകാരം വ്യത്യാസം ഉണ്ടാകാൻ പാടുള്ളതല്ല. കാരണം പരിശോധിച്ച് ഓഡിറ്റിനെ തുടർനടപടി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.21/25.10.23)

### 1-1-6 ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

താഴെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Saksharatha SBI Account 38950241885 | 9167/- |

### 1-1-7 "Directly Debited By Bank"- ക്രമീകരിക്കേണ്ടതാണ്

"Directly Debited By Bank" എന്ന ഇനത്തിൽ താഴെ ചേർത്തിരിക്കുന്ന തുകകൾ ഉൾപ്പെടുത്തിയാണ് തനത് ഫണ്ട് അക്കൌണ്ടുകളുടെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

| ക്രമ നം | ബാങ്ക്, അക്കൌണ്ട് നം | തിയ്യതി | തുക | ആകെ |
|---|---|---|---|---|
| 1 | കേരള ബാങ്ക്,എറിയാട്- 147312801000362 | 21.05.22 | 2040/- | 9666/- |
| | | 21.02.23 | 148/- | |
| | | 12.01.23 | 6129/- | |
| | | 17.01.23 | 700/- | |
| | | 17.01.23 | 100/- | |
| | | 17.01.23 | 549/- | |
| 2 | എസ്.ബി.ഐ. ഇപേയ്മെന്റ്, കൊടുങ്ങല്ലൂർ-67391740101 | 22.03.23 | 3531/- | 4836/- |
| | | 9.11.22 | 861/- | |
| | | 11.11.22 | 444/- | |

### 1-1-8 " Liability In Respect Of Stale Cheque"-ക്രമീകരിക്കേണ്ടതാണ്

Cheque Issued But Not Presented Into Bankഎന്ന ഇനത്തിൽ 1108544/-രൂപ ഉൾപ്പെടുത്തിയാണ് തനത് ഫണ്ട് (കേരള ബാങ്ക്,എറിയാട്- 147312801000362 ) റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. ഇതിൽ കാലാവധി കഴിഞ്ഞ താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 022870 | 16.12.22 | 5000/- |
| 022872 | 16.12.22 | 43100/- |
| 018823 | 19.04.22 | 14091/- |
| 020795 | 26.07.22 | 2000/- |

| | | |
|---|---|---|
| 014320 | 22.02.22 | 1000/- |
| 022705 | 27.09.22 | 560/- |
| 022688 | 16.09.22 | 1/- |
| 022884 | 22.12.22 | 495/- |
| 022841 | 16.12.22 | 5623/- |
| ആകെ | | 71870/- |

## 1-1-9 വസ്തുനികുതി- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.തൻവർഷം

1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3700350 | 3622552 | 27462 | 81652 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3699139 | 3591448 | 24557 | 81652* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *(85820/105X100)=81733 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.2.നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3626612 | 3520709 | 12819 | 116541 |
| വാർഷികകണക്കിലെ | 3626612 | 3497274 | 5184 | 116541* |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(122399/105X100)=116570 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.കുടിശ്ശിക

2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 121723 | 68155 | 53614 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 111394 * | 68155 | 53614 ** |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (40847+76117=116964/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(59369/105X100)=53685 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 265393 | 181597 | 83816 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 279972 | 181597 | **83877 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(168754+125217=293971/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(88071/105X100)=83877 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-1-10 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് | സഞ്ചയ |
|---|---|---|---|

| | | ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 31104 | 494406 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 23435 | 102961 |

## 1-1-11 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ എറിയാട് ഗ്രാമപഞ്ചായത്തിൽ 437 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31.03.23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-12 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.

തൻവർഷം ലൈബ്രറി സെസ്സ് ഇനത്തിൽ ആകെ ഡിമാന്റ് വാർഷിക കണക്ക് പ്രകാരം 391915രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 391189/- രൂപയുമാണ്. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 373555/- രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് 374879/- രൂപയാണ്.

## 1-1-13 അഡ്വാൻസ്-ചെലവ് ശീർഷകം തെറ്റായി രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് നം | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ആസ്തി ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 21/23 | 42201072/23.3.23 | 213768/- | 415100001 Streetlights-Line Extension For Existing Street Lights | 460500202 Advance To Implementing Agencies - Deposit With Kerala Electricity Board |
| | | 42200854/22.1.23 | 200000/- | 415100001 Streetlights-Line Extension For Existing Street Lights | |
| | | 42201560/31.3.23 | 254975/- | 415100001 Streetlights-Line Extension For Existing Street Lights | |
| | | 42201559/31.3.23 | 3172937/- | 415100003 Streetlights- Streelights | |
| | | 42201562/31.3.23 | 772088/- | 415100003 Streetlights- Streelights | |

## 1-1-14 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി

| പ്രോജക്റ്റ് | വൗച്ചർ/ തീയ്യതി | തുക | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 233/23 Installation Of CCTV Cameras In Public Places | 42201515/ 28-03-2023 | 130330/- | 251130810 Solid Waste Management - Monitoring |
| 218/23 Installation Of NAPKIN Incinators | **42201113/** 29.3.23 | 133500/- | 251130006 Sanitation And Waste Management - Installation Of Incinators In Schools |
| 18/23 Purchase Of ComputerAccessories To Panchayath Office | 42200624/ 1.11.22<br>42200823/ 8.1.23 | 103158/-<br>80642/- | 251220007 Improvement Of The Service Of Local Governments-Purchase Of Hardware<br>251220002 Improvement Of The |

| | | | |
|---|---|---|---|
| | | | Service Of Local Governments-Maintenance Of Computers And Peripharals |
| 123/23<br>Musiris Road Tile Work Ward 23 | 42201486/<br>20-03-2023 | 529014/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 269/23<br>C K Nagar Road Tile Ward 22 | 42201461/<br>15-03-2023 | 309127/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 122/23<br>Navodhanam Road Tiling Ward 8 | 42201426/<br>01-03-2023 | 550000/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 194 Mahathmagandhi Riad Tile Paving Ward 3 | 42201362/<br>17.01.23 | 77894/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 69 Mahathmagandhi Road Balance Portion Tile Paving Ward 3 | 42201330/<br>24.12.22 | 158019/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 129 Kunjimoidheen Parambu Road Tiling Ward 11,12 | 42201512/<br>27.03.23 | 232936/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 145 Thiruvallur Kattakulam Road Tile Work Ward 5 | 42201413/<br>22.02.23 | 264491/- | 252110008<br>Roads - Road Works With Interlocking & Concrete Blocks |
| 45 Anganawadi Baby Friendly Toilet | 42201499/<br>25.03.23 | 357696/- | 251170104<br>Anganwadi Related Services |
| 224 Buds School Truss Work | 42201552/<br>29.03.23 | 399176/- | 251150401<br>Welfare Of Mentally And Physically Challenged Persons-Maintenance Of Government Centres For Physically And Mentally Challenged Persons |
| 155/23 TRESS WORK OF CANTEEN | 42201122/<br>29.03.23 | 81818/- | 252120101<br>Other Buildings- |

| | | | |
|---|---|---|---|
| | | | Renovation Of Building |
| 127/23 ALIKUNJU ROAD TILE WORK IN WARD SIX | 42201040/ 13.03.23 | 482119/- | 252130201 Renovation Of Farm Road |
| 258/23 HYDROSE ROAD TILE PAVING IN WARD 16 | 42201038/ 13.03.23 | 675963/- | 252130201 Renovation Of Farm Road |
| 229 Kalarattu Link Road Premices Drain Construction Ward 14 | 42201415/ 22.02.23<br>**42201416/** 22.02.23 | 172892/-<br>513207/- | 251130902 Liquid Waste Management - Collection And Transportation<br>251130902 Liquid Waste Management - Collection And Transportation |
| 277 Construction Of Culvert Near Seethi Sahib Madrassa Ward 15 | 42201524/ 28.03.23 | 167393/- | 250102202 Water Conservation-Water Conservation-Lake Maintenance |
| 265/23 CONSTRUCTION OF DRAIN IN SREEMATHI PREMICES IN WARD NINE | 42201041/ 13.03.23<br>42201427/ 1.03.23 | 61185/-<br>140000/- | 252110005 Roads-Drainage Renovation<br>251130902 Liquid Waste Management - Collection And Transportation |
| 287 Manappattuchal Road Balance Portion Tiling | **42201522/ 28.03.23** | 555294/- | 252110008 Roads - Road Works With Interlocking & Concrete Blocks |
| 130 C K Majeed Road Tile Work Ward 22 | 42201523/ 28.03.23 | 277569/- | 252110008 Roads - Road Works With Interlocking & Concrete Blocks |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയ്യതി 25.10.2023 നുള്ള മറുപടിയിൽ അനുയോജ്യമായ ഹെഡുകൾ ആസ്തി ഹെഡുകളിൽ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്ന ,എറിയാട് ഗ്രാമ പഞ്ചായത്തിലെ 09/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച, സെക്രട്ടറിയുടെ കുറിപ്പ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. ആസ്തികൾ നിർമിച്ച ചെലവുകൾ റവന്യൂ ചെലവുകളായി ബുക്ക് ചെയ്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടും ബാലൻസ്ഷീറ്റും കൃത്യമായ പ്രവർത്തനഫലമോ ധനസ്ഥിതിയോ വെളിവാക്കുന്നതായി ഓഡിറ്റിന് സാക്ഷ്യപ്പെടുത്താനാവില്ല.

## 1-1-15 മുൻകൂർ തുക-രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 124600/- |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 83200/- |

## 1-1-16 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

2) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റ് തുകയുടെ 31.03.2023 ലെ നീക്കിയിരിപ്പ് 656954/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം പഞ്ചായത്ത് നൽകിയ അഡ്വാൻസ് തുകയുടെ 31.03.2023 ലെ നീക്കിയിരിപ്പ് 8267341/- രൂപയാണ്.എന്നാൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4) വായ്പ ഇനത്തിൽ തൻവർഷം 3959162/-രൂപ തിരിച്ചടക്കുകയും 31/3/2023 ൽ 19201879/- രൂപ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം KURDFC ക്ക് തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
ആയതിനാൽ മേൽ ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-17 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള | 130100101-Rent From | 82472/- | 31.3.23 | 42201599 |

| | | | | | |
|---|---|---|---|---|---|
| | വാടക(...... കെട്ടിടങ്ങൾ) | Building | | | |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-18 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18,ഐ19) പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | -14233 |
| 190100102-Prior Period Income-Profession Tax | 1200 |
| 190200401-Prior Period Income-Other Income | -3100 |
| 290600401-Prior Period Expenses-Remittance Of Unutilised Grants | 43100 |
| 290800401-Prior Period Expenses-Interest And Finance Charges | -649 |
| 290800701-Prior Period Expenses-Miscellaneous | 43766 |

## 1-1-19 ജേണൽ വൗച്ചറുകളെ സാക്ഷ്യപെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-20 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ലൈസൻസ്ഫീ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

**1-1-21 യഥാർത്ഥ വരവിനേക്കാൾ അധികം തുക വരവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

RP-5 Sale &Hire Charges(R) ഷെഡ്യൂളിൽ താഴെ ചേർത്തിരിക്കുന്ന വരവുകൾ വന്നിട്ടുണ്ട്. എന്നാൽ ഈ വരവുകളുടെ കൃത്യത പരിശോധിക്കാനുതകുന്ന രജിസ്റ്ററുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല

| ക്രമ നം | കോഡ് | ശീർഷകം | തുക |
|---|---|---|---|
| 1 | 150100101 | Receipt From Sale Of Agricultural Products | 68080/- |
| 2 | 150100108 | Receipt From Sale Of Sand | 11174050/- |
| 3 | 150120102 | Receipt From Sale Of Scrap | 44584/- |

ക്രമ നം.1 , ക്രമ നം.3 എന്നിവ യഥാക്രമം അഗ്രിക്കൾച്ചറൽ ഓഫീസറുടേയും അസി.എഞ്ചിനീയറുടേയും ഗുണഭോക്തൃവിഹിതം തുക ബാധ്യതാ ശീർഷകത്തിൽ വരവ് ചെയ്യുന്നതിന് പകരം തെറ്റായി വരവ് ശീർഷകത്തിൽ രേഖപ്പെടുത്തിയതാണ് . കൂടാതെ ക്രമ നം.2 പ്രകാരമുള്ള വരവ് ഇറമുഖ വകുപ്പ് മുഖേന വിൽപന നടത്തുന്ന മണലിന് ഒരു ടണ്ണിന് 100/-രൂപ മാത്രമാണ് പഞ്ചായത്തിന് അർഹമായിട്ടുള്ളത്. എന്നാൽ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ട തൊഴിലാളി വിഹിതം,ക്ലീനിങ്ങ് ചാർജ്ജ് ,പാട്ടതുക എന്നിവ തെറ്റായി തനത് വരവ് ശീർഷകത്തിൽ രേഖപ്പെടുത്തിയതു മൂലം യഥാർത്ഥ വരവിനേക്കാൾ അധികം തുക വരുമാനമായി വാർഷിക കണക്കിലെ വിവിധ പത്രികകളിൽ ഉൾപ്പെടുത്തി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 തീയ്യതി 25.10.2023 നുള്ള മറുപടിയിൽ “150100101- Receipt From Sale Of Agricultural Products” - എന്ന ഹെഡിൽ 68080/-രൂപയും “150100108- Receipt From Sale Of Sand” എന്ന ഹെഡിൽ 11174050/-രൂപയും തെറ്റായി വരവ് കാണിച്ചത് ചെലവ് കാണിക്കുകയും ചെയ്തിട്ടുള്ളതിനാൽ പഞ്ചായത്തിന്റെ ധനസ്ഥിതി തെറ്റായി ചിത്രീകരിക്കപ്പെട്ടില്ല എന്ന ,എറിയാട് ഗ്രാമ പഞ്ചായത്തിലെ 09/11/2023 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനത്തിന് വിധേയമായി അംഗീകരിച്ച, സെക്രട്ടറിയുടെ കുറിപ്പ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് ഗ്രാമപഞ്ചായത്തിന്റെ Income & Expenditure, Receipt & Payment എന്നീ പത്രികകൾ പ്രകാരമുള്ള ആകെ വരവ്, തുക അടവാക്കൽ, വരുമാനം, ചെലവ് എന്നിവ തെറ്റായി രേഖപ്പെടുത്തുന്നതിന് കാരണമായി. മാത്രമല്ല ബാധ്യത ശീർഷകത്തിൽ വരവ് വെയ്ക്കേണ്ട തുക വരുമാനമായി ചേർത്തതിനാൽ ബാധ്യത തുക തിരിച്ചടക്കുന്നത് നിരീക്ഷിക്കാനാകുന്നതല്ല.

**1-1-22 വാടക- രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല**

വാടകയുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകളും പൊരുത്തപ്പെടുന്നില്ല.

| വരവിനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാടക | രജിസ്റ്റർ പ്രകാരം | 210624/- | 82472/- | 128152/- |
| | വാർഷിക കണക്ക് പ്രകാരം | 82472/- | 82472/- | 0 |
| വാടക(കുടിശ്ശിക) | രജിസ്റ്റർ പ്രകാരം | 60041/- | 43320/- | 16721/- |
| | വാർഷിക | 52543/- | 43320/- | 9223/- |

| | | | | |
|---|---|---|---|---|
| | കണക്ക് പ്രകാരം | | | |

**1-1-23 വരവിനങ്ങളിലെ കുടിശ്ശികക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-24 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.**

2022-23 വർഷത്തെ Income And Expenditureപത്രിക പ്രകാരം 16211176 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ ,അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-25 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി**

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തിക്ക് 1133233/- രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ “416100110-Accumalated Depreciation” 1405551/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-26 ഇൻവെസ്റ്റ്മെന്റ് പുതുക്കിയിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 9785388/-രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം | ബാങ്ക് | ഇൻവെസ്റ്റ്മെന്റ് നം. | തുക |
|---|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്,എറിയാട് | 0186359 | 7785388/- (2021-22ലെ നീക്കിയിരിപ്പ്) |
| 2 | കേരള ബാങ്ക്, എറിയാട് | 27149 | 2000000/- (17.11.22ൽ നിക്ഷേപിച്ചത്) |
| ആകെ | | | 9785388/- |

ഇതിൽ ക്രമ നം. 1 ഇൻവെസ്റ്റ്മെന്റ് 19.3.23 ൽ 6.25% നിരക്കിൽ പുതുക്കിയിട്ടില്ല. ആയത് പുതുക്കി പലിശ കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ 2022-23ലെ ഇൻവെസ്റ്റ്മെന്റ് നീക്കിയിരിപ്പ് 10271975/- (9785388+486587) രൂപ ആകുമായിരുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

**1-1-27 ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും**

**പൊരുത്തപ്പെടുന്നില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | CFC-Basic Tax Grant | 776097/- | 450210101 | CFC-HDFC 50100368082627 | 10846779/- |
| 2 | 320200113 | CFC-Tied Fund | 9999539/- | | | |
| | ആകെ | | 10775636/- | | | |
| 3. | 320100160 | Roural Housing -Housing For All | 460000 | 450210101 | SBI Life 38065058091 | 466583/- |
| 4. | 320700302 | Contributions For Other Specific Purposes-from Muncipal Corporations | 380200/- | 450210201 | Old Joint Venture Account 799011400003014 | 0 |
| 5. | 320900102 | Donation Related To Pandemic/epidemic Control | 84720/- | 450210102 | Covid SCB Eriyad 10891 | 59720/- |

## 1-1-28 ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല

ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള താഴെ ചേർത്തിരിക്കുന്ന പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Saksharatha SBI Account 38950241885 | 9167/- |

## 1-2 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.03.2022, തീരുമാനം നം.1[1] | |
|---|---|---|
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 398124478 | 370100124 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 27.02.2023, തീരുമാനം നം. 2[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 410728199 | 357430642 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 43200000 | 43200000 | 41494902 | *1705098 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 8331000 | 8331000 | 7510623 | *820377 |
| മെയിന്റനൻസ്, റോഡ് | | 0 | 19079000 | 19079000 | 11166528 | 7912472* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 9588000 | 9588000 | 6929721 | 2658279* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ബാങ്ക് | 3633076 | 10080000 | 13713076 | 3713537 | 9999539** |
| | ട്രഷറി | 0 | 2165545 | 2165545 | 150000 | 2015545* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അടിസ്ഥാന ഗ്രാന്റ് ) | ബാങ്ക് | 976541 | 6988924 | 7965465 | 7189368 | 776097** |
| | ട്രഷറി | 0 | 789248 | 789248 | 789248 | 0* |
| പാന്റമിക് / എപ്പിഡമിക് | | 82195 | 2525 | 84720 | 0 | 84720 |
| ടി.എസ്.സി | | 1434257 | 0 | 1434257 | 583200 | 851057 |
| ഐ.സി.ഡി.എസ് | | 874004 | 2311814 | 3185818 | 2480842 | 704976 |

## 1-4 പദ്ധതി അവലോകനം

2022 -23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 251 | 172075486 | 126 | 98301113 | 57.13 | 50.1 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9944 | 1401639 | 1411583 | 1411583 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4535620 | 45835620 | 45835620 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 2979290 | 2979290 | 2979290 | 0 |
| ആകെ | 9944 | 50216549 | 50216549 | 50216549 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 3624400 | 316 |
| വിധവാപെൻഷൻ | 21578,400 | 2142 |
| വാർദ്ധക്യകാലപെൻഷൻ | 38733200 | 3796 |
| വികലാംഗപെൻഷൻ | 7483200 | 697 |
| 50 വയസ്സിനുമേൽപ്രായമുള്ളഅവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 824600 | 78 |
| വിധവകളുടെപെൺമക്കൾക്കുള്ളവിവാഹധന സഹായം | 330,000 | 11 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2023 തീയതിയിൽ 3.00 PM നം,27-10-2023 തീയതിയിൽ 12.45 PM നം സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ യഥാക്രമം 14696/- രൂപയും 16995/-രൂപയും ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. വാർഷിക കണക്കിലെ അപാകങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ റിപ്പോർട്ടിന്റെ 1-1-1 മുതൽ 1-1-29 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്. അക്കൌണ്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥരുടേയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. ഇപ്രകാരം അശ്രദ്ധമായി കണക്ക് സൂക്ഷിക്കുന്നതിനാൽ പഞ്ചായത്തിന്റെ ശരിയായ സാമ്പത്തിക നില, സാമ്പത്തിക വർഷത്തിലെ പ്രവർത്തനഫലം എന്നിവ അക്കൌണ്ട്സിൽ പ്രതിഫലിക്കാതിരിക്കുകയും അക്കൌണ്ട്സ് സാക്ഷ്യപ്പെടുത്തുന്നതിന് ഓഡിറ്റിന് സാധിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമാകുന്നു. പഞ്ചായത്തിന്റെ അക്കൌണ്ട്സ് സൂക്ഷിപ്പിലെയും അതുവഴി മൊത്തം ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെയും ഗുരുതരമായ അലംഭാവത്തിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

എറിയാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. തനത് വരുമാന കുടിശ്ശിക നിവാരണത്തിനായി നികുതി പിരിവ് കളക്ഷൻ ക്യാമ്പ് , അനൗൺസ്മെന്റ് , കുടുംബശ്രീ മുഖേന നോട്ടീസ് വിതരണം, എന്നിവ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. 100% നികുതി പിരിവ് നേട്ടം കൈവരിച്ചതായി പറയുന്നുവെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ

ഉദ്യോഗസ്ഥർക്കും നൽകുകയോ ചെയ്യുന്നില്ല.

നികുതി പിരിവിന്റെയും നികുതിയിതര വരവിന്റേയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തുന്നില്ല.

നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയിതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3594932 | 3699139 | 2.9 | 219കെട്ടിങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 3404137 | 3626612 | 6.5 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 431140 | 538250 | 24.8 | |
| തൊഴിൽ നികുതി ജീവനക്കാർ | 1477950 | 1396690 | - 5.5 | |
| വാടക (കെട്ടിടങ്ങൾ) | 54177 | 82472 | 52.2 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ , ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ ജീവനക്കാരുടെ തൊഴിൽനികതിയിൽ ഡിമാന്റിൽ കുറവ് കാണുന്നു.വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ്

ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

കേരള സർക്കാർ തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.25/ 2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം എറിയാട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശയോടെ ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചത് 08.08.2023ലെ ഭരണസമിതി യോഗത്തിലെ 6 (1) തീരുമാന നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.
സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉത്തരവുകൾക്ക് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്.മുഴുവൻ കെട്ടിടങ്ങളുടേയും ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റ ലോക്ക് ചെയ്തിട്ടില്ല. പുതുക്കിയ നിരക്ക് നിലവിൽ വരുമ്പോൾ പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്.റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ മൂന്നായി തിരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധന നടത്തി വരുന്നുണ്ട്. അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയില്ല.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന മുൻ വർഷങ്ങളിലെ തീരുമാനം തുടന്നുപോരുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലവിലില്ലാത്തതിനാൽ സർവീസ് ചാർജ് ഇനത്തിലും പഞ്ചായത്തിന് വരുമാനം ഇല്ല.

**തൊഴിൽ നികുതി**

പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾ , ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നില്ല. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന

എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

വിനോദനികുതി

ടർഫ് കോർട്ട്,നീന്തൽ കുളങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിൽ വിനോദനികുതി ഈടാക്കുന്നില്ല.അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്ബ് / സ്റ്റേഡിയം , എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. മുസരിസ് മുനക്കൽ ബീച്ച് ഉൾപ്പെടുന്ന പഞ്ചായത്തായതിനാൽ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**VI. നികുതിയിതര വരവുകൾ**

**(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ**

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾക്കൊള്ളിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

**(2) ലേലം,വാടക എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. വാടക കൃത്യമായി ഈടാക്കി വരുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നുണ്ട്. പാഴ് വസ്തുക്കൾ, മണ്ണ് എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയത് പരിശോധിച്ചു. ആയവയുടെ ലേലം യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

ശിപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്. കൂടാതെ വിനോദ നികുതി കൃത്യമായി ചുമത്തി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ (ചട്ടങ്ങൾ) ചട്ടം (3) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

2022-23 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്റ്ററുകളും, ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ചില സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്'ട്രേഷൻ എടുക്കുകയോ/ പുതുക്കുകയോ ചെയ്തതായി കാണുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാരാമെഡിക്കൽ സ്ഥാപനങ്ങൾ | കെട്ടിട നം. |
|---|---|
| പി.എൻ ആയുർവേദാശ്രമം,പഞ്ചകർമ്മ ചികിത്സാ കേന്ദ്രം | IV/ 584,585,586,587 |
| അഹ്സാബ് ക്ലിനിക്കൽ ലാബോറട്ടറി | I/638 |
| സ്വരാജ് ഹോമിയോ ഡിസ്പ്പെൻസറി | II/675 |
| ഡോ.മിഥിലാസ് ഹോമിയോ ക്ലിനിക്ക് | XVIII/ 319 |
| മെഡിക്കൽ ഹെൽപ് ,ലാബോറട്ടറി,എറിയാട് | VIII/231 |

ഇതു സംബന്ധിച്ച നൽകിയഓഡിറ്റ് അന്വേഷണത്തിന്( നം 22 തിയതി 26.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 വാടക കെട്ടിടങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

വാടക രജിസ്റ്റർ ,ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ,പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ കെട്ടിട നം. 23/19, 23/20, 23/21, 23/25 മുതൽ 23/30എ വരെ എന്നിവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2022-23വർഷം ലൈസൻസ് എടുത്തോ എന്ന് അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:24, തീയതി :26/10/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 തൊഴിൽ നികുതി -അപാകങ്ങൾ**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (1994 കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്204).

ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ഉദാഹരണമായി,

1.അഭിലാഷ് ഫ്യൂവൽസ് (2-ാം അർദ്ധവർഷം)

2.യൂണിവേഴ്സൽപൈപ്പ്സ് (1അർദ്ധവർഷം)

3.കൊടുങ്ങല്ലൂർ ടൗൺ കോപ്പറേറ്റീവ് ബാങ്ക് (2-ാം അർദ്ധവർഷം)

4.മാവേലി സ്റ്റോർ, അഴീക്കോട് (2-ാം അർദ്ധവർഷം)

5.ശ്രീകൃഷ്ണ ഭാരത് ഗ്യാസ് ഏജൻസി (1&2അർദ്ധവർഷം)

6.ശുഭകിരൺ ക്യാപ്പിറ്റൽ, എറിയാട്(1&2 അർദ്ധവർഷം)

7.ത്രീ സ്റ്റാർ ഐസ ഫാക്ടറി (2-ാം അർദ്ധവർഷം)

8. S.N.D.S മാടവന(1-ാം അർദ്ധവർഷം)

9.റോയൽ ബ്രാന്റ് ഇന്റർനാഷണൽ എക്സ്പ്പോർട്ടേഴ്സ്(2-ാം അർദ്ധവർഷം)

10. മാടവന ഗ്രാമ വ്യവസായ സഹകരണ സംഘം(1&2അർദ്ധവർഷം)

11.പി.എൻ. ആയുർവേദാശ്രമം (1-ാം അർദ്ധവർഷം)

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.25/26.10.2023), മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കേണ്ടതാണ്.

അസി എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/26.10.2023) മറുപടി ലഭ്യമാക്കിയില്ല. .

1.സിജിൽകുമാർ.ഇ.ജി

2.സജീവൻ. പി. എ

3സന്ദീപ്. ടി. എൻ

4.രാഹുൽ. സി.ആർ

5. സദാനന്ദൻ. എൻ.പി

6.റഫീക്ക്.വി.എച്ച്

7.ഷാൻ.വി

8. തബ്സീർ റഹ്മാൻ

9. റിഷിൻ

10.അസ്ഹർ

11.രാജീവ്.വി.ഡി

12.നിഷാദ്

13.സാബിക്.വി.എ

14.സച്ചിൽ. എം.എസ്

15.രഞ്ജിത്ത് .ടി

16.കിരൺ. എം.ജി

17) പഞ്ചായത്ത് പരിധിയിൽ തുറമുഖവകുപ്പിന്റെ കീഴിലുള്ള തുറമുഖത്തിൽ നിന്നും പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ വാരിക്കൊണ്ടുവരുന്ന മണൽ മാർത്തോമകടവ്, കപ്പൽ ബസാർ കടവ്, ചുങ്കം കടവ് എന്നിവിടങ്ങളിൽവച്ച് ശുദ്ധീകരിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 26തിയതി 26.10.23)

## 1-13 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്ന് പ്രകാരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

ലൈസൻസ് രജിസ്റ്റർ ,തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ലൈസൻസ് പുതുതായിഎടുക്കുകയോ/ പുതുക്കുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു.

ഉദാഹരണമായി,

1. കള്ള് ഷാപ്പ്,മഞ്ഞളി

2.കള്ള് ഷാപ്പ്,മാടവന

3കള്ള് ഷാപ്പ്,ചേരമാൻ

4. അമൃത കോക്കനട്ട് പ്രോഡകറ്റ്

5.ശ്രീ അയ്യപ്പ ഐസ് ഫാക്ടറി

6. ശ്രുഭ് കിരൺക്യാപിറ്റൽ

7.കെ.എഫ്.എം സൂപ്പർ മാർക്കറ്റ്

8. ഓറോ കെയർ മൾട്ടി സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക്ക്,അഴീക്കോട്

9.സേവന മെഡിക്കൽ ലാബോറട്ടറി, അഴീക്കോട്

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(നം. 23 തിയതി 26.10.23)മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

## 1-14 മുഴുവൻ മരുന്നുകളും വിതരണം ചെയ്തിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രൊജക്ട് നമ്പർ: 283/23

അടങ്കൽ: 164000

ചെലവ്: 164000

ഫണ്ട് : റോഡിതരം

വൌച്ചർ നം: 42201335/24.12.22

1. മേൽപദ്ധതിക്കായി ആലപ്പുഴ HOMCOയ്ക്ക് 164000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ് നം.1065/23.12.22). നാളിതുവരെ 110408/-രൂപയുടെ മരുന്ന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ (ഇൻവോയ്സ് നം.LF 1075/21.8.23). ബാക്കി 53592/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.മരുന്ന് വാങ്ങുന്നതിനുള്ള തുക സ്ഥാപനത്തിന് മുൻകൂർ ആയി നല്കിയതാണെങ്കിലും വാർഷികകണക്കിൽ ചെലവായിട്ടാണ് (251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions) രേഖപ്പെടുത്തിയിട്ടുള്ളത്. മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ മരുന്നുകൾ ലഭ്യമാക്കി ഈ തുക ക്രമീകരിക്കുന്നത് നിരീക്ഷിക്കാൻ സാധിക്കില്ല.

ക്രമ നം. 1 ന് നിർവ്വഹണോദ്യോഗസ്ഥനും 2 ന് പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗവും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 36/27.10.23)

## 1-15 ജി.യു.പി.എസ് അഴീക്കോട് ക്ലാസ് റൂം നവീകരണം-200000/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പദ്ധതി നം : 304/23

അടങ്കൽ : 300000

ചെലവ് : 200000

ഫണ്ടിനം : റോഡിതരം

വൌച്ചർ നം: 42201554/29.3.23
ഓഡിറ്റ് എൻക്വയറി നം.35/28.10.23
ജി.യു.പി.എസ് അഴീക്കോട് ക്ലാസ് റൂം നവീകരണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണം പ്രധാന അധ്യാപകനെയാണ് ഏൽപ്പിച്ചത്. പ്രവൃത്തിയുടെ നിർമ്മാണ ചുമതല പി.ടി.എ യെ ഏൽപ്പിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച കമ്മിറ്റി തീരുമാനമോ കരാറോ ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.മേൽ പദ്ധതിയുടെ പ്രൊജക്ട് ഫയലിൽ ഇല്ല.
2.വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല.
3.നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്. അസി.എഞ്ചിനീയറെ ഏൽപ്പിക്കേണ്ട പ്രവൃത്തി പ്രധാന അധ്യാപകനെ ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. (സ.ഉ.കൈ.നം.84/2022/ ത.സ്വ.ഭ.വ,തീ.19.4.22 ഖണ്ഡിക 3.5.1(2)(i)).
4. സ്വന്തം നിലക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക സാങ്കേതിക ,സംഘടനാശേഷിയും സന്നദ്ധയുമുള്ള അദ്ധ്യാപക രക്ഷാകർതൃ സമിതികളെ വേണം ബന്ധപ്പെട്ട സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കേണ്ടത്(പദ്ധതി മാർഗ്ഗരേഖ സ.ഉ.കൈ നം.84/2022/തസ്വഭവ തീയതി 19/04/2022 ഖണ്ഡിക നം 12.2(5)ബി). എന്നാൽ ഇവിടെ പി.ടി.എ യെ ഏൽപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ഉത്തരവുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഇല്ല.

5.നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന മറ്റെല്ലാ നിർവ്വഹണ രീതികളിലും നിർവഹണ ഏജൻസിയുമായി തദ്ദേശഭരണ സ്ഥാപനമാണ് കരാറിൽ ഏർപ്പെടേണ്ടത്(പദ്ധതി മാർഗ്ഗരേഖ സ.ഉ.കൈ നം.84/2022/തസ്വഭവ തീയതി 19/04/2022 ഖണ്ഡിക നം 12.2(2)) .എന്നാൽ ഇവിടെ പ്രധാന അധ്യാപകനും പി.ടി.എ യും തമ്മിൽ വെള്ളക്കടലാസിലാണ് കരാർ രേഖപ്പെടുത്തിയിരിക്കുന്നത്.അതിൽ പ്രധാന അധ്യാപകൻ മാത്രമെ ഒപ്പ് വെച്ചിട്ടുള്ളൂ.മറ്റ് പി.ടി.എ അംഗങ്ങൾ ഒപ്പ് വെച്ചിട്ടുമില്ല. മുദ്ര പത്രത്തിലാണ് കരാർ വേണ്ടിയിരുന്നത്.

6.സീലിംഗ് വർക്ക് ഭാഗികമായി പൂർത്തീകരിച്ചു എന്നാണ് വാല്വേഷൻ സർട്ടിഫിക്കറ്റിൽ അസി.എഞ്ചിനീയർ രേഖപ്പെടുത്തിയിരിക്കുന്നത്. എത്ര അളവിൽ എന്ന് രേഖപ്പെടുത്തിയിട്ടില്ല. 200000/- രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്.

7.പണി നടത്തിയതുമായി ബന്ധപ്പെട്ട പി.ടി.എ കമ്മിറ്റി മിനിട്സോ, വരവ് ചെലവ് കണക്കുകളോ ബില്ലുകളോ, വൌച്ചറുകളോ ഫയലിൽ ലഭ്യമല്ല.

8. ചെലവ് തുക 200000/-രൂപ ഹെഡ്മാസ്റ്റർ ജി.യു.പി.എസ് ന്റെ അക്കൌണ്ടിലേക്ക് കൈമാറുകയും തുടർന്ന് ഹെഡ്മാസ്റ്ററുടെ വ്യക്തിഗത അക്കൌണ്ടിലേക്ക് (അക്കൌണ്ട് നം.5348001990 CBI) കൈമാറുകയും ചെയ്തിട്ടുണ്ട്. ചെലവ് തുക പി.ടി.എ ക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
മേൽ അപാകങ്ങളിൽ പറഞ്ഞിട്ടുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-16 പഞ്ചായത്ത് തല ഫുട്ബോൾ ടീം രൂപീകരണവും കോച്ചിങ്ങ് ക്യാമ്പും-30000/-രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ
പദ്ധതി നം : 252/23

അടങ്കൽ : 30000

ചെലവ് : 30000

ഫണ്ടിനം : തനത് ഫണ്ട്

വൌച്ചർ നം: 42200975/26.2.23

ഓഡിറ്റ് എൻക്വയറി നം.35/28.10.23

അപാകങ്ങൾ

1.40 കുട്ടികൾക്ക് 30 ദിവസം കോച്ചിങ്ങ് കൊടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുട്ടികളുടെ ഹാജർ ലഭ്യമാക്കിയിട്ടില്ല.

2.കോച്ചിങ്ങ് നൽകിയ അധ്യാപകന്റെ യോഗ്യത (പദ്ധതി മാർഗ്ഗരേഖ സ.ഉ.കൈ നം.84/2022/തസ്വഭവ തീയതി 19/04/2022) തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

3.കോച്ചിങ്ങ് നൽകിയ അധ്യാപകന്റെ അക്കൗണ്ടിലേക്ക് പ്രതിഫലം നൽകുന്നതിന് പകരം ഒരു ദിവസം 1000/- രൂപ വീതം 30 ദിവസത്തേക്ക് 30000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിലേക്കാണ് ആദ്യം കൈമാറിയിട്ടുള്ളത്. തുടർന്ന് ഹെഡ്മാസ്റ്ററുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് (32074049329-SBI) കൈമാറി (അധ്യാപകൻ തുക കൈപറ്റിയതിന്റെ രസീത് ഫയലിൽ ഉണ്ട്). തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
കുട്ടികളുടെ ഹാജർ, അധ്യാപകന്റെ യോഗ്യത എന്നീ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുകയായ 30000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 രജിസ്റ്റേഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്-90000/-രൂപ തടസ്സപെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ
പ്രൊജക്റ്റ് നം : 245/23

അടങ്കൽ : 90000

ചെലവ് : 90000

ഫണ്ടിനം : വികസന ഫണ്ട്(പൊതുവിഭാഗം)

വൌച്ചർ നം: 42201491/20.3.23
ഓഡിറ്റ് എൻക്വയറി നം.35/28.10.23
സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/LSGD/28.5.22 ഖണ്ഡിക 7.7.2 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് 6000 രൂപയിൽ അധികമാവാതെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്.

പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. 15 യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് Play Games (Nas Establishment) , ചന്തപ്പുര, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല.

2. താഴെ ചേർക്കുന്ന 8ക്ലബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ഇല്ല.

1) സീസ്റ്റാർ ആർട്സ്,പേബസാർ

2) ഫാൽക്കൻ ആർട്സ് & സ്പോർട്സ് ക്ലബ് ,അഴീക്കോട്

3) മലർവാടി, എറിയാട്

4) ഫീനിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്, മേനോൻ ബസാർ

5) റഡ് സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്, ആറാട്ടുവഴി

6) മഹാത്മ ആർട്സ് & സ്പോർട്സ് ക്ലബ്, യുബസാർ

7) കൈരളി സാംസ്കാരിക വേദി ആർട്സ് & സ്പോർട്സ് ക്ലബ്,മേനോൻ ബസാർ

8) സാന്ത്വനം മോസ്കോ ആർട്സ് & സ്പോർട്സ് ക്ലബ് കാട്ടാകുളം

3.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.
മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-18 ജി.കെ.വി.എൽ.പി. സ്കൂളിലേക്ക് ഫർണിച്ചറും ഇന്ററാക്ടീവ് ബോർഡും വാങ്ങൽ-349998/-രൂപ

തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രൊജക്ട് നം : 305/23

അടങ്കൽ : 650000

ചെലവ് : 649954

ഫണ്ടിനം : റോഡിതരം

വൌച്ചർ നം: 42201489/20.3.23, 299956/-

വൌച്ചർ നം: 42201488/20.3.23, 349998/-
ഓഡിറ്റ് എൻക്വയറി നം.35/28.10.23

അപാകങ്ങൾ

1. മേൽ പ്രൊജക്ട് പ്രകാരം 2 സ്കൂളുകളിലേക്ക് (ജി.കെ.വി.എൽ.പി. സ്കൂൾ, ജി.യു.പി,സ്കൂൾ അഴീക്കോട്) ജെം മുഖേന ഇന്ററാക്ടീവ് ബോർഡ് വാങ്ങിയിട്ടുണ്ട്. ആയതിന്റെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

2.ജി.കെ.വി.എൽ.പി. സ്കൂളിലേക്ക് താഴെ ചേർക്കുന്ന ഫർണീച്ചറുകൾ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയത് സിഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ (G.O. (Rt) No. 26/2015/SPD Dated 28-05-2015) ഉൾപ്പെട്ടവയാണോ എന്നതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

* ബെഞ്ച് & ഡെസ്ക്-24

* കിന്റർഗാർട്ടൻ ടേബിൾ (ഫ്ലവർ ഷേപ്പ്)-3

* കിന്റർഗാർട്ടൻ ടേബിൾ (റൗണ്ട് ഷേപ്പ്)-3

* ഫൈബർ ആം ചെയർ-69

3.ഫർണീച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.
മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-19 ലൈബ്രറി പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പത്രമാസികകൾ എന്നിവ നൽകൽ-196332/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രൊജക്ട് നം : 290/23

അടങ്കൽ : 200000/-

ചെലവ് : 196332/-

ഫണ്ടിനം : വികസന ഫണ്ട്(പൊതുവിഭാഗം)

വൌച്ചർ നം: 42201404/20.2.23, 110732/-

വൌച്ചർ നം: 42201533/28.3.23, 85600/-
ഓഡിറ്റ് എൻക്വയറി നം.35/28.10.23

പ്രസ്തുത പ്രൊജക്ടിൽ വികസന ഫണ്ട് ഉപയോഗിച്ച് വായനശാലകൾ, സ്കൂളുകൾ,സാംസ്കാരിക നിലയം എന്നിവിടങ്ങളിലേക്ക് പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പത്രമാസികകൾ മുതലായവ ദേശാഭിമാനി ബുക്ക് ഹൗസ്, മാതൃഭൂമി, മനോരമ പബ്ലിക്കേഷൻസ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. ആയതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കുറെ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഓരോ സ്ഥാപനത്തിനും നൽകിയവയുടെ വിവരങ്ങൾ ക്രമപ്രകാരം സൂക്ഷിക്കാത്തതിനാൽ ഫയൽ കൃത്യമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ മേൽ പറഞ്ഞവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിച്ചിട്ടുമില്ല. ആനുകാലികങ്ങൾ, പത്രമാസികകൾ വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ്. സബ്സിഡി മാർഗരേഖ

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28.05.2022 പ്രകാരം ആനുകാലികങ്ങൾ, പത്രമാസികകൾ വാങ്ങുന്നതിന് അനുമതിയില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-20 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

4 ലക്ഷം രൂപ വീതം ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് വേണ്ടി നൽകുന്നതാണ് പ്രോജക്റ്റ്. തൻ വർഷം ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. തുക നല്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

വി.ഇ.ഒ.മാടവന,അഴീക്കോട് ജെട്ടി

ലൈഫ് എസ്.സി-പ്രോജക്റ്റ് നം. 72/23

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | വാസന്തി കൊച്ചപ്പൻ<br>മാടത്തിങ്കൽ | 300000 |
| 2 | പ്രഭാവതി.വി.സി. | 300000 |
| 3 | ബിന്ദു.പി.എസ്,വയമ്പനാട്ട് | 200000 |
| 4 | സുമരാജു<br>തയ്യിൽ | 350000 |
| 5 | ഉഷ കോലാട് | 200000 |
| 6 | രമണി.കെ.എ.വാക്കാട്ട് | 200000 |
| 7 | സാനു,ചക്കാണ്ടി | 300000 |
| 8 | രാജു<br>പൊയമ്പനാട്ട് | 360000 |
| 9 | സണ്ണി,കുന്നത്ത് | 300000 |
| നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ,ലൈറ്റ് ഹൗസ്<br>ജനറൽ പ്രോജക്റ്റ്നം.65/23 | | |
| 1 | മുഹമ്മദ് അമീൻ<br>തണ്ടാശ്ശേരി | 40000 |
| 2 | ഹസീബ് ,തേങ്ങാക്കുട്ടിൽ | 40000 |
| 3 | മുഹമ്മദ് അഷറഫ്,<br>കൊല്ലത്ത് വീട്ടിൽ | 300000 |
| 4 | മറിയുമ്മ ഉമ്മർ<br>വട്ടപറമ്പിൽ | 350000 |
| 5 | ഷാഹിദ സിദ്ദിഖ്,ചേറ്റുർ | 350000 |
| 6 | ഐഷു കൊച്ചുമുഹമ്മദ് | 300000/- |
| 7 | ഇബ്രാഹിം പനപറമ്പിൽ | 350000 |
| 8 | നബീസ കൊച്ചുമുഹമ്മദ്<br>പള്ളിപറമ്പിൽ | 300000/- |
| 9 | ആഷിദ ഷിയാസ്<br>നടുമുറി | 200000 |
| 10 | സാബിറ കരിം | 300000/- |

| | | |
|---|---|---|
| | കുറുപ്പംപാലത്ത് | |
| 11 | സജിത സത്യശീലൻ | 300000/- |
| 12 | സജന .എ.എൻ<br>കുന്നികുളത്ത് | 300000/- |
| 13 | ജയ സുനിൽ<br>ബ്ലാഗയിൽ | 300000/- |
| 14 | രേഖ രൂപേഷ്<br>കടുവങ്കശ്ശേരി | 300000/- |
| 15 | രമണി .പി.വി.<br>കരിനാട്ട് | 300000/- |
| 16 | വിനീത.ടി.ഡി.<br>താണിക്കപറമ്പിൽ | 350000/- |
| 17 | സൈനബ<br>അമ്പലത്ത് വീട്ടിൽ | 200000/- |
| 18 | മണി.പി,വി<br>മുല്ലപറമ്പത്ത് | 350000/- |
| 19 | സബീന സിറാജ് മാരാത്ത് | 300000/- |
| 20 | രാധ ഷാജി<br>കബ്ലിക്കൽ | 300000/- |
| 21 | മോളി സദാനന്ദൻ<br>മാടത്തിഹ്കൽ | 300000/- |

മേൽ പ്രകാരം ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 സമേതം -പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.**

പ്രോജക്റ്റ് നം.236/23

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

വകയിരുത്തിയ തുക-100000/-വികസന ഫണ്ട്

ചെലവ്-97508/-വൗച്ചർ നം.42201493/21.03.23-83256/-

42201468/16.03.23-14252/-
ആകെ-97508/-

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന സമേതം പദ്ധതിക്ക് വേണ്ടി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യപ്രകാരം 97508/-രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.42/28.10.23)

**1-22 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്റ്റ് നം.164/23
വകയിരുത്തിയ തുക വികസനഫണ്ട് - 250000/-
ചെലവ് വൗച്ചർ നം-42201445/9.3.23 തുക-69542/ രൂപ.
തൻവർഷം മേൽ പ്രോജക്റ്റിന് വേണ്ടി സ.ഉ.(സാധാ) നം.426/2019/ത.സ്വ.ഭ.വ. തി.26.02.2019 ഉത്തരവ് പ്രകാരം ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിന് പകരം ഉപകരണങ്ങൾ കേരള സോഷ്യൽ

സെക്യൂരിറ്റി മിഷൻ തന്നെ വാങ്ങുന്നതാണ് നല്ലതെന്ന സർക്കാരിന്റെ ഉത്തരവ് പ്രകാരം താഴെ പറയുന്ന 3 കുട്ടികൾക്ക് വേണ്ടി ഡോക്ടറുടെ നിർദ്ദേശ പ്രകാരം താഴെ പറയും പ്രകാരമുള്ള തുക എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥികളുടെ പേര് | നൽകിയ തുക |
|---|---|---|
| 1 | സോന സതീഷ്.കെ.എസ്. | 26294 |
| 2 | മുഹമ്മദ് അൽഹാൻ | 14967 |
| 3 | അഖിൽ.പി.എ. | 28281 |
| | ആകെ | 69542/- |

തുക വിനിയോഗിച്ചതിന്റെ വിവരം സോഷ്യൽസെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.29/26.10.23).

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര്/നം | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നം.153/23 |
| അടങ്കൽ | വികസന ഫണ്ട് (SCP) 800000/- |
| ചെലവ് | 500000/- |
| വൌച്ചർ നം | 42201363/19.1.23-50000/-<br>42201403/7.2.23-150000/-<br>42201458/15.3.23-75000/-<br>42201485/20.3.23-75000/-<br>42201520/28.3.23-75000/-<br>42201518/28.3.23-75000/- |

മേൽ പ്രൊജക്ടിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണത്തിനായി 125000 രൂപ വീതം കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ഹൃദ്യശേഖർ തൃപ്രയാറ്റ് മാടവന | 125000/- |
| 2 | ആദിത്യ.എൻ.പി. നൊങ്ങത്തുരുത്തി | 125000/- |
| 3 | ശിവാനി.എൻ.എസ് നികത്തുതറ എറിയാട് | 125000/- |

പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്റ്റ് : അങ്കണവാടി പോഷകാഹാരം,10/23

മേൽ പ്രോജക്റ്റ് പ്രകാരം അമൂല്യ തേജസ്സ് ആക്റ്റിവി ഗ്രൂപ്പ്, എന്ന സ്ഥാപനത്തിൽ നിന്ന താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|---|
| 1 | 407 | 31.12.21 | 154300 | 3858 | 3858 | 162016 | 1721266/- |
| 2 | 414 | 31.01.22 | 183260 | 4582 | 4582 | 192424 | 1721266/- |
| 3 | 420 | 28.02.22 | 157500 | 3938 | 3938 | 165376 | 1721266/- |
| 4 | 429 | 30.03.22 | 170275 | 4257 | 4257 | 178789 | 1721266/- |
| 5 | 437 | 23.06.2022 | 134400 | 3360 | 3360 | 141120 | 500000/- |
| 6 | 441 | 21.07.2022 | 156800 | 3920 | 3920 | 164640 | 500000/- |
| 7 | 445 | 25.08.2022 | 152250 | 3806 | 3806 | 159862 | 500000/- |
| 8 | 449 | 22.09.2022 | 148225 | 3706 | 3706 | 156637 | 447187/- |
| 9 | 455 | 21.10.2022 | 123060 | 3077 | 3077 | 129214 | 447187/- |
| 10 | 459 | 28.11.022 | 143325 | 3583 | 3583 | 150491 | 447187/- |
| 11 | 464 | 21.12.2022 | 124320 | 3108 | 3108 | 130536 | 290524/- |
| 12 | 468 | 25.01.23 | 145040 | 3626 | 3626 | 152292 | 290524/- |
| 13 | 472 | 20.02.2023 | 121800 | 3045 | 3045 | 127890 | 131370/- |
| 14 | 476 | 17.03.2023 | 152145 | 3804 | 3804 | 159753 | 164100 |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൂല്യ തേജസ്സ് ആക്റ്റിവി ഗ്രൂപ്പ്, എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. വിതരണക്കാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

തൻവർഷം വിവിധ ഡെപ്പോസിറ്റ് പ്രോജക്റ്റുകൾക്ക് വേണ്ടി താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി ക്ക് തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് /നം | വൗച്ചർ നം. തി. | തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ ,21/23 | 42201560/31.03.23 | 254975/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ II, കൊടുങ്ങല്ലൂർ |
| 2 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, 21/23 | 42201559/31.03.23 | 3172937/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| 3 | ,, | 42201337/27.12.23 | 299000/- | അസിസ്റ്റന്റ് |

| | | | | |
|---|---|---|---|---|
| | | | | എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ I, കൊടുങ്ങല്ലൂർ |
| 4 | „ | 42200854/22.01.23 | 200000/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ I, കൊടുങ്ങല്ലൂർ |
| 5 | „ | 42201562/31.03.23 | 772088/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ I, കൊടുങ്ങല്ലൂർ |
| 6 | „ | 42201392/14.02.23 | 1000/- | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ I, കൊടുങ്ങല്ലൂർ |
| 7 | „ | 22201347/31.03.23 | 213768/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ I, കൊടുങ്ങല്ലൂർ |
| 8 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,30/22 | 4220056/19.05.22 | 95318/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | „ | 42200231/16.07.22 | 14889/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | „ | 42200414/31.08.22 | 12977/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | | 42200587/18.10.22 | 7504/- | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | | |
|---|---|---|---|---|
| | | | | ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | | 42200621/01.11.22 | 66026/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | ,, | 42201313/03.12.22 | 36072/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | ,, | 42201327/15.12.22 | 1180/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | ,, | 42200967/25.02.23 | 16279/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |
| | ,, | 42201402/17.02.23 | 12748/- | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ എറിയാട് |

മേൽ പ്രകാരം കെ.എസ്.ഇ.ബി ക്ക് വിവിധ പ്രവൃത്തികൾക്ക് വേണ്ടി നൽകിയ തുകകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (39/28.10.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 പൊതുടാപ്പുകളുടെ വെള്ളക്കരം വൻ തുക കുടിശ്ശിക ഡിമാന്റ് ചെയ്യുന്നു.

നിലവിലുണ്ടായിരുന്ന 425 പൊതുടാപ്പുകളിൽ 400 എണ്ണം ഡിസ്മാന്റിൽ ചെയ്യുന്നതിന് തൻവർഷത്തെ പ്രോജക്റ്റ് പ്രകാരം 720000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരുന്നു.വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 447268/-രൂപ ചെലവാകുകയും, 272732/-രൂപ 2023-24 വർഷം തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2023 സെപ്റ്റംബർ 12 ന് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 77782 നമ്പർ ഇൻവോയ്സ് പ്രകാരം 4707412/- കുടിശ്ശികയായും, 92351/-രൂപ പിഴയായും, 30 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജായി (@14559/year) 36398 രൂപയടക്കം ആകെ 4836161/-രൂപ ഡിമാന്റ് ചെയ്തതായി കാണുന്നു.വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി-28.10.23)

## 1-27 പോർട്ടബിൾ ബയോകമ്പോസ്റ്റ് ബിൻ-വിതരണരേഖകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.ലൈറ്റ് ഹൗസ്

1)പ്രൊജക്ട് നമ്പർ -199/23 – പോർട്ടബിൾ ബയോകമ്പോസ്റ്റ് ബിൻ വിതരണം

| | | |
|---|---|---|
| വകയിരുത്തിയ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 583632 |
| | തനത് ഫണ്ട് | 64848 |
| | ആകെ | 648480 |
| ചെലവ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 583632, 42201070/23.03.23 |
| | തനത് ഫണ്ട് | 64848, 42201071/23.03.23 |
| | ആകെ | 648480 |

മേൽ പ്രൊജക്ട് പ്രകാരം റെയ്ഡ്കോ, ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം.CLD/606 /22-23/18.03.23 പ്രകാരം 386 എണ്ണം ബയോ കമ്പോസ്റ്റ് ബിൻ 1680 രൂപ നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിതരണ രജിസ്റ്റർ കൈപ്പറ്റ് രശീതുകൾ എന്നിവ ഹാജരാക്കിയെങ്കിലും ആയവ പൂർണ്ണമല്ലാത്തതിനാൽ മുഴുവൻ എണ്ണം വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)പ്രോജക്റ്റ് നം.64/23 – പോർട്ടബിൾ ബയോകമ്പോസ്റ്റ് ബിൻ വിതരണം (സ്പിൽ ഓവർ)

| | | |
|---|---|---|
| വകയിരുത്തിയ തുക | ഗുണഭോക്തൃവിഹിതം | 207000 |
| | കേന്ദ്രാവിഷ്കൃതഫണ്ട് | 207000 |
| | ആകെ | 414000 |
| ചെലവ് | 15.03.21 | 414000 |
| | 13.01.22 | 621000 |
| | 21.02.22 | 621000 |
| | 22.08.22 (വൗച്ചർ നം.42200200/05.07.22) | 207000 |
| | (വൗച്ചർ നം.42201138/30.03.23 | 207000 |
| ആകെ | | 2070000/- |

മേൽ പ്രോജക്റ്റ് പ്രകാരം 1150 ബയോ കമ്പോസ്റ്റ് ബിൻ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം.തി | തുക | എണ്ണം |
|---|---|---|---|
| 1 | SEUF/TSR/INV/21-22/276 Dt.24.03.22 | 621000 | 345 |
| 2 | SEUF/TSR/INV/21-22/275 Dt.23.03.22 | 621000 | 345 |
| 3 | SEUF/TSR/INV/21-22/277 Dt.25.03.22 | 468000 | 260 |
| 4 | SEUF/TSR/INV/21-22/127 | 360000 | 200 |

| | | | |
|---|---|---|---|
| | Dt.07.09.21 | | |
| | | 2070000/- | 1150 |

മേൽ പ്രകാരം വാങ്ങിയ ബയോകമ്പോസ്റ്റ് ബിൻ 1506(1150+386) എണ്ണം വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ പൂർണ്ണമായി എഴുതിയും മുഴുവൻ കൈപ്പറ്റ് രശീതുകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-45/28.10.23). വിതരണ രേഖകൾ ഹാജരാക്കുന്നതുവരെ തൻവർഷം ചെലവഴിച്ച 1062480 (414000+648480) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഗ്രാമസഭാ മിനിറ്റ്സ് കാലികമായി സൂക്ഷിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഭരണസമിതി മിനിറ്റ്സ് 21/7/23 വരെയേ സകർമയിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളൂ. മൂന്നു മാസത്തെ മിനിറ്റ്സ് ഇനിയും രേഖപ്പെടുത്താൻ ബാക്കി നിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 19/25/10/23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മിനിറ്റ്സ് പൂർത്തീകരിച്ച് സൂക്ഷിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 എച്ച്. എം. സി. കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ അഴീക്കോട് ആയുർവേദാശുപത്രി, പ്രാഥമികാരോഗ്യകേന്ദ്രം, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലെ ഏതെല്ലാം വർഷങ്ങളിലെ ഓഡിറ്റുകൾ നടത്തിയിട്ടുണ്ട്, ഏതെല്ലാം വർഷങ്ങൾവരെയുള്ള വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട് എന്നുള്ള 28/27.10.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് കുടിശ്ശികയുള്ള കാലം മുതൽ 2022-23 വർഷം വരെയുള്ള വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട വിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ഗുണഭോക്താക്കൾക്ക് അധികം നൽകിയ പെൻഷൻ തുക സാമൂഹ്യസുരക്ഷാമിഷനിലേക്ക് അടവാക്കിയത് -വിശദാംശങ്ങൾ ലഭ്യാക്കിയിട്ടില്ല

ഗുണഭാക്താക്കൾക്ക് അധികം നൽകിയ പെൻഷൻ തുകകൾ താഴെസൂചിപ്പിക്കുന്ന ചെക്കുകൾ/ വൗച്ചർ പ്രകാരം സാമൂഹ്യസുരക്ഷാമിഷനിലേക്ക് അടവാക്കിയത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 37/28/10/22 ) .

| ചെക്ക് നമ്പര്/ വൗച്ചർ നമ്പർ | തിരിച്ചടച്ച തുക | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം |
|---|---|---|---|
| 022761/3 /11/22 | 63300/ | മുഹമ്മദ് ഹബീബ് | വികലാംഗപെൻഷൻ |
| 022791/11 /11/22 | 37400/ | രാധ തളിയാഴ്ഴ | വിധവാപെൻഷൻ |
| വൗച്ചർ നമ്പർ 172/16 /11/22 | 43100/ | വിവരം രേഖപ്പെടുത്തിയിട്ടില്ല | ,, |

പെൻഷൻ തുക തിരിച്ചടവാക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽപ്രകാരം പെൻഷൻ തുക തിരിച്ചടവാക്കിയത് മരിച്ചവരുടെ കാര്യത്തിലാണെങ്കിൽ ആയത് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒന്നാണ്. സാധാരണഗതിയിൽ ഗ്രാമപഞ്ചായത്തിലെ ആരെങ്കിലും മരണപ്പെടുകയാണെങ്കിൽ അക്കാര്യം ബന്ധപ്പെട്ട വാർഡ് മെമ്പർ തീർച്ചയായും അറിയുന്നതാണ്. അവർക്ക് ഇക്കാര്യം പെട്ടെന്ന തന്നെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ കഴിയുന്നതാണ്. അപ്രകാരം ചെയ്താൽ ക്രമപ്രകാരമല്ലാതെയുള്ള ഇത്തരം പെൻഷൻ വിതരണം യഥാസമയം തടയുവാൻ കഴിയുന്നതാണ്. ഇന്റേണൽ ഓഡിറ്റ് സംവിധാനം ഒന്നു ശ്രദ്ധിച്ചാൽ പെൻഷൻ വിതരണം അപാകതളില്ലാതെ നടത്തുവാൻ കഴിയുന്നതാണ്. ക്ഷേമകാര്യസ്റ്റാന്റിങ്

കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-31 സംശുദ്ധസേവനത്തിന് തെറ്റായി ജി. എസ്. റ്റി അടവാക്കി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ. നം. | പദ്ധതി നമ്പർ /പേര്/ കരാറുകാരൻ | അളവ് പുസ്തക നം. | ആകെ പ്രവർത്തി മൂല്യം | GST 2% | GST ഉൾപ്പെടെ ആകെ തുക | വൗച്ചർ നം/ തുക |
|---|---|---|---|---|---|---|
| 1. | ജലരക്ഷ-ജീവരക്ഷ ജലാശയങ്ങളുടെ പുനരുജ്ജീവനം (44/23), രഞ്ജിത്ത്. റ്റി | 417/21-22 | 790350/- | 15808/- | 790350/- | 42200187/ 30.06.22, 790350/- |

മേൽ പ്രകാരം 15808/-രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു. പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നത്.ഭാവിയിൽ ഇത്തരം അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 6/12.10.2023 )

## 1-32 കുഴിച്ചെടുത്ത മണ്ണ് ലേലവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 44/23 ജലരക്ഷ-ജീവരക്ഷ ജലാശയങ്ങളുടെ പുനരുജ്ജീവനം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |
| അടങ്കൽ | 100000/ വികസനഫണ്ട് ജനറൽ<br>1176000/ സി. എഫ്. സി. ഗ്രാന്റ്<br>100000/ |
| കരാറുകാരൻ | രഞ്ജിത്ത്. റ്റി |
| അളവുപുസ്തകം | 147/ 2021-22 |

| | |
|---|---|
| വൌച്ചർ നമ്പർ, തുക | 42200187/30.06.22<br>790350/ രൂപ |

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത 7488 ഘനമീറ്റർ മണ്ണ് (ചെളിയും മറ്റ് അവശിഷ്ടങ്ങളും കുറവ് ചെയ്തതിന് ശേഷമുള്ളത്) നിർവഹണോദ്യോഗസ്ഥനായ അസി. എൻജിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും ഇത് സംബന്ധിച്ച അറിയിപ്പ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ SC 4-1853/22 നമ്പർ ആയി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മണ്ണിന് 299520/ രൂപയുടെ മൂല്യവും കണക്കാക്കിയിരുന്നു.

മണ്ണ് ലേലം നടത്തിയോ എന്നത് സംബന്ധിച്ച വിവരം 7/19/10/23 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

25/10/23 ന് അസി. എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓവർസിയർക്കൊപ്പം നടത്തിയ പരിശോധനയിൽ ജലാശയത്തിന്റെ അരികിൽ കൂട്ടിയിട്ടിരുന്ന മണ്ണിന്മേൽ പുല്ലുകൾ പടർന്നുപിടിച്ചതായിട്ടാണ് കണ്ടത്. ഇത് പ്രസ്തുത മണ്ണ് ലേലം നടത്തിയിട്ടില്ല എന്നു കാണിക്കുന്നു. ഇപ്രകാരം ജലാശയങ്ങളുടെ അരികിൽ കൂട്ടിയിട്ടിരുന്ന മണ്ണ് അവയിൽ പുല്ലുകൾ വളർന്നുവരുന്നതിന് മുമ്പേ തന്നെ മഴക്കാലത്ത് ഒലിച്ചുപോയിരിക്കാനും സാധ്യതയുണ്ട്.

മുൻവർഷവും ലേലനടപടികൾക്കായി അസി.എഞ്ചിനീയർ ശുപാർശ ചെയ്ത മണ്ണ് ലേലം നടത്തിയില്ല എന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -പ്രൊജക്റ്റ് പൂർത്തീരിക്കുന്നമുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 204/23പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപരിപാലന പദ്ധതി |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ, ഫണ്ട് | 512500/, വികസനഫണ്ട് ജനറൽ<br>512500/ ഗുണഭോക്തൃവിഹിതം<br>ആകെ 1025000/ |
| വൌച്ചർ നമ്പർ. തുക | 42201340/30.12.22<br>287500/ രൂപ<br>42201382/7.2.23<br>225000/<br>രൂപ<br>ആകെ 512500/ രൂപ |

82 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം ആകെ 512500/- രൂപ പ്രൊജക്റ്റ് നടത്തിപ്പിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നിർവഹണോദ്യോഗസ്ഥൻ കൈമാറിയിട്ടുണ്ട്. പ്രൊജക്റ്റ് പൂർത്തീകരിക്കുന്നമുറക്ക് വിനയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ – 14/23.10.23)

## 1-34 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി -പ്രൊജക്റ്റിൽനിന്നും വിട്ടുപോകുന്നവർക്ക് വേണ്ടി അടവാക്കിയ പദ്ധതി വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 204/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ, ഫണ്ട് | 512500/, വികസനഫണ്ട് ജനറൽ<br>512500/ ഗുണഭോക്തൃവിഹിതം<br>ആകെ 1025000/ |
| വൌച്ചർ നമ്പർ. തുക | 42201340/30.12.22<br>287500 രൂപ<br>42201382/7.2.23<br>225000 രൂപ<br>ആകെ 512500 രൂപ |

മേൽ വിവരിച്ച പ്രൊജക്റ്റുമായി ബന്ധപ്പെട്ട കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നിലവിൽ കാലിത്തീറ്റ കൈപ്പറ്റുന്നില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | പേര് | ഏറ്റവും ഒടുവിൽ കാലിത്തീറ്റ കൈപ്പറ്റിയ തീയ്യതി |
|---|---|---|
| 1 | ജയാനന്ദൻ കൈമപ്പറമ്പ് | 24/8/23 |
| 2 | മുകുന്ദൻ ചെന്നിപ്പാടത്ത് | 23/8/23 |
| 3 | അബ്ദുൽകാദർ ഇടവഴക്കൽ | ,, |
| 4 | റിജിൻ അഞ്ചുരുത്തി | 23/7/23 |

ഇവർ പദ്ധതിയിൽ തുടരാത്തപക്ഷം ഇവർക്കുവേണ്ടി അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കി സഞ്ചിതനിധിയലടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ-14/25.10.23 ) .

## 1-35 വനിതകൾക്ക് പെണ്ണാട് വിതരണപ്രൊജക്റ്റ്-അപാകതകൾ

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 201/23 |
| അടങ്കൽ,ഫണ്ട് | 207000/ രൂപ<br>207000/ രൂപ<br>ആകെ 414000/ രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ സാങ്ഷൻ നമ്പർ തുക | 284/20/2/23, 117000/<br>285/,, 117000/<br>402/18/3/23, 72000/<br>403/,, 72000/<br>440/25/3/23, 18000/<br>441/,, 18000/ |

അപാകതകൾ

1. താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ പെണ്ണാടിനെ കൈപ്പറ്റിയതിന്റെ രശീതി ലഭ്യമാക്കിയിട്ടില്ല.

1. റഹിമാബീവി തോട്ടുങ്ങൽ അത്താണി

2. ഷിമി പ്രഭാകരൻ, കൊളപ്പാടത്ത്, എറിയാട്

2. മേൽ സൂചിപ്പിച്ച തുക ആട് വിതരണം നടത്തിയ കൊടകര ആട് കർഷകസംഘത്തിനാണ് നൽകിയത്. 15/2/23 ന് 214000/ രൂ കൈപ്പറ്റിയതിന് സംഘം രശീതി നൽകിയിട്ടുണ്ട്.ഇത് മുൻകൂർ രശീതി ആണ്.കാരണം 20/2/23 മുതൽ 25/3/23 വരെയുള്ള തീയ്യതികളിലാണ് ബില്ലുകൾ അനുമതി ആകുന്നത്. കൊടകര ആട് സംഘം ഹാജരാക്കിയ 15752 നമ്പർ മുദ്രപ്പത്രം 3/3/23 ലേതാണ്.

സംഘവുമായി കരാർ ചമക്കും മുമ്പേ മുൻകൂർ രശീതി വാങ്ങി ബിൽ അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 14/25/10/23 ) .

## 1-36 ഗ്രാന്റ് സ്റ്റേറ്റ്മെന്റും പ്ലാൻ ചെലവ് നിരീക്ഷിക്കുന്ന സുലേഖ പത്രിക പ്രകാരമുള്ള ചെലവും ഹാജരാക്കിയ ചെലവും രേഖകളും പൊരുത്തപ്പെടുന്നില്ല

പ്രൊജക്റ്റുകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

1.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 4/23, പെയിൻ & പാലിയേറ്റീവ് |
| നിർവഹണ ഉദ്യോഗസ്ഥൻ | പി. എച്ച്. സി. മെഡിക്കൽ ഓഫീസർ |
| അടങ്കൽ, ഫണ്ട് | 600000/, റോഡിതരസംരക്ഷണ ഗ്രാന്റ് |

ഗ്രാന്റ് സ്റ്റേറ്റ്മെന്റും പ്ലാൻ ചെലവ് നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ് വെയർ പത്രിക പ്രകാരമുള്ള ചെലവ് 599998/ രൂപയാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് താഴെ കൊടുക്കുന്നു.

| വൌച്ചർ നം | തുക |
|---|---|
| 42201321/7.12.23 | 187340/ |
| 42201418/23.02.23 | 100000/ |
| 42201397/16.2.23 | 130000/ |
| ആകെ | 417340/ |

2.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 82/23, പി. എച്ച്. സിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | പി. എച്ച്. സി. മെഡിക്കൽ ഓഫീസർ |
| അടങ്കൽ, ഫണ്ട് | 100000/, റോഡിതരസംരക്ഷണ ഗ്രാന്റ് |

.

ഗ്രാന്റ് സ്റ്റേറ്റ്മെന്റും പദ്ധതി ചെലവ് നിരീക്ഷിക്കുന്ന സോഫ്റ്റ് വെയറായ സുലേഖ എന്നിവയിൽ നിന്നുള്ള പത്രിക എന്നിവ പ്രകാരം ഈ പ്രൊജക്റ്റിനുള്ള ചെലവ് 99998/ രൂപയാണ്. പക്ഷെ ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് താഴെ കൊടുക്കുന്നു.

| വൌച്ചർ നം | തുക |
|---|---|
| 42201348/3.1.23 | 39322/- |
| 42201514/27.3.23 | 48727/- |

| | |
|---|---|
| ആകെ | 88049/ |

സുലേഖ പത്രിക പ്രകാരമുള്ള ചെലവും ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. ഏതെങ്കിലും ബിൽ ക്യാഷ് ചെയ്യാതെ ക്യൂവിൽ ആയിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ്( ഓഡിറ്റ് എൻക്വയറി നമ്പർ-34/28.10.23 ) .

## 1-37 മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

പ്രൊജക്റ്റുകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

1.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 3/23, ജീവിതശൈലീരോഗങ്ങൾക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | പി. എച്ച്. സി. മെഡിക്കൽ ഓഫീസർ |
| അടങ്കൽ, ഫണ്ട് | 600000/, റോഡിതരസംരക്ഷണ ഗ്രാന്റ് |

ചെലവു സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 21/22-23/15/12/22 | 187340/ |
| 31/,,/27/2/23 | 100000/ |
| 32/,,/28/2/23 | 130000/ |
| ആകെ | 417340/ |

**താഴെ സൂചിപ്പിക്കുന്ന പ്രൊഫോമ ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.**

| പ്രൊഫോമ ഇൻവോയ്സ് നമ്പർ | നൽകിയ തുക | ലഭിച്ച മരുന്ന് | ബാക്കി മരുന്ന് |
|---|---|---|---|
| 2498/22/11/22 | 100000/ | 79932/ | 29068/ |
| 2172/10/11/22 | 126060/ | 37595/ | 88465/ |
| 4329/8/2/23 | 100000/ | 79938/ | 20062/ |
| 4330/8/2/23 | 130000/ | 59807/ | 70193/ |
| ആകെ | | | 207788/ |

ബാക്കി കിട്ടുവാനുള്ള മരുന്ന് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി നമ്പർ -34/28.10.23 ) .

## 1-38 മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

പ്രൊജക്റ്റ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 17/23 ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |
| അടങ്കൽ, ഫണ്ട് | 1500000/ രൂപ റോഡിതരസംരക്ഷണഗ്രാന്റ് |

| | |
|---|---|
| ബിൽ സാങ്ഷൻ നമ്പർ തുക | 80/22/9/22, 1500000/ രൂപ |

മേൽ സൂചിപ്പിച്ച തുകയിൽനിന്ന് താഴെ സൂചിപ്പിക്കും പ്രകാരം ആയുർധാര ഫാർമസ്യൂട്ടിക്കൽസ് സൗത്ത് അഞ്ചേരി എന്ന സ്ഥാപനത്തിനു 800000/- രൂപയും ഔഷധിക്കു 700000/- രൂപയും അനുവദിച്ചതിന്റെ വിവരം കൊടുക്കുന്നു.

| സ്ഥാപനം | പ്രൊഫോർമ ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| ഔഷധി | 164679/20.05.22 | 500000/- |
| ,, | 164680/27.08.22 | 300000/- |
| ആയുർധാര ഫാർമസ്യൂട്ടിക്കൽസ് | ഇൻവോയ്സ് നമ്പർ ഇല്ല. ഓർഡർ നമ്പർORGove0000035/8/6/22 | 500000/- |
| ,, | ,,0000118/12.8.22 | 200000/- |

ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽനിന്നും താഴെ സൂചിപ്പിക്കുന്ന ടാക്സ് ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ടാക്സ് ഇൻവോയ്സ് നമ്പർ | തുക |
|---|---|
| G000051/16/6/22 | 420961/- |
| G0000184/20/10/22 | 209942/- |
| G0001813/20/10/22 | 54368/- |
| G000298/10/1/23 | 21599/- |
| G000299/10/1/23 | 68191/- |
| G000363/1/3/23 | 14876/- |
| G000014/16/5/23 | 6991/- |
| ആകെ | 796928/- |

ഔഷധിയിൽ നിന്നും താഴെ സൂചിപ്പിക്കുന്ന പ്രൊഫോമ ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | തുക |
|---|---|
| 164679/20.08.22 | 282153/- |

മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്താതെ അവ രോഗികൾക്ക് വിതരണം നടത്തുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 30/27.10.23 ) .

## 1-39 ഒ. പി. ടിക്കറ്റുകളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഗവ, ആയുർവേദാശുപത്രിയിലെ പ്രിന്ററിനും ഫോമുകൾക്കുമുള്ള 40-ാം നമ്പർ രജിസ്റ്റർ പേജ് 90 ൽ ഒ. പി. ടിക്കറ്റുകളുടെ 53 രസീത് ബുക്കുകൾ 27/3/23 ന് നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 31/8/23 വരെ സ്റ്റോക്ക് രജിസ്റ്ററിൽ രസീത് ബുക്കുകൾ വിതരണം നടത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. 1/9/23 ന് പുതുതായി 100 രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്ത് ഇതിൽനിന്നും 19/9/23, 3/10/23 തീയ്യതികളിൽ 10 വീതം രസീതുകൾ വിതരണം നൽകിയിട്ടുണ്ട്. 25/10/23 ന് നടത്തിയ സ്ഥലപരിശോധനയിൽ 86 രസീത് ബുക്കുകൾ നീക്കിയിരിപ്പായി കണ്ടു.

സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്. ആയതിന്റെ കാരണം വിശദമാക്കേണ്ടതും ഭാവിയിൽ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതുമാണ്
( ഓഡിറ്റ് എൻക്വയറി നമ്പർ 30/26.10.23) .

## 1-40 സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവുപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ,10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസി. എവൻജിനീയർ നിർവണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തിയുടെ സാധനസാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയാണ് പ്രവൃത്തി ചെയ്തിരിക്കുന്നത് എന്ന് അസി. എൻജിനീയർ 11/21/10/23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പരിശോധനാവിഭാഗത്തിന് ബോധ്യമാകുംവിധം ആയത് സാധൂകരിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 324/22<br>52/23 |
| പ്രവൃത്തി | 38 നമ്പർ അങ്കണവാടി നിർമാണം |
| അടങ്കൽ, ഫണ്ട് | 390000/ സി. എഫ്. സി. ഗ്രാന്റ്<br>1100000/ തനതുഫണ്ട്<br>1500000/ ബ്ളോക്ക് പഞ്ചായത്ത് വിഹിതം |
| കരാറുകാരൻ | ആനന്ദ് ആന്റണി |
| കരാർ | 54/54/AE/LSGD/ERD/21-22 /12/2/22 |
| അളവുപുസ്തകം | 455/21-22, 522/21, 523/21, 428/21, 290/20-21 |
